LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ പിന്നോക്കസമുദായ കോർപ്പറേഷന്റെ പ്രവർത്തനം

10 [2990] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പിന്നോക്കസമുദായ വികസന കോർപ്പറേഷനുവേണ്ടി 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ സാമ്പത്തികവർഷങ്ങളിൽ എത്ര തുക വീതം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു; അതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും കോർപ്പറേഷന്റെ പ്രവർത്തനത്തിനുവേണ്ടിയോ പിന്നോക്ക സമുദായക്ഷേമ പ്രവർത്തനങ്ങൾക്കോ ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എന്തൊക്കെ പരിപാടികളാണ് ഈ വർഷങ്ങളിൽ കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; അതുസംബന്ധിച്ച വിശദാംശവും അവയ്ക്കു വേണ്ടി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷനുവേണ്ടി 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ സാമ്പത്തികവർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

2001-2002	326 ലക്ഷം രൂപ
2002-2003	620 ലക്ഷം രൂപ
2003-2004	409 ലക്ഷം രൂപ
2004-2005	47 ലക്ഷം രൂപ
2005-2006	400 ലക്ഷം രൂപ

(ബി) ഈ കോർപ്പറേഷന് കേന്ദ്ര സർക്കാർ നേരിട്ട് ധനസഹായം നൽകുന്നില്ല. കേന്ദ്ര സർക്കാരിന്റെകീഴിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളായ ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും (NBCFDC),

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ വികസന കോർപ്പറേഷന്റെയും (NMDFC), വായ്പാ സഹായം ഈ കോർപ്പറേഷന് ലഭിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	*NBCFDC-യിൽ നിന്നും ലഭിച്ച തുക (രൂപ ലക്ഷത്തിൽ)*	*NMDFC-യിൽ നിന്നും ലഭിച്ച തുക (രൂപ ലക്ഷത്തിൽ)*
2001–2002	1612.69	925.00
2002–2003	2758.40	1025.00
2003–2004	2820.00	1025.00
2004–2005	1500.00	1850.00

(സി) ഈ വർഷങ്ങളിൽ ഈ കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

പദ്ധതിയുടെ പേര്	*ഗുണഭോക്താക്കളുടെ എണ്ണം*	*അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)*
(1)	(2)	(3)
1. സ്വയം തൊഴിൽ വായ്പ	29034	12916.96
2. വിദ്യാഭ്യാസ വായ്പ	1007	470.92
3. വനിതകൾക്കുള്ള പ്രത്യേക വായ്പ	2370	882.25
4. സന്നദ്ധ സംഘടനകൾവഴിയുള്ള ലഘുവായ്പ	13255	329.00
5. വിവാഹ ധനസഹായ വായ്പ	7381	2051.26
6. വിദേശത്ത് ജോലിക്കു പോകുന്നവർക്കുള്ള വായ്പ	478	132.35
7. വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ	294	130.40
8. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖലകളിലെ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പ	1262	500.26

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
9. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖലകളിലെ ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ	10	4.41
10. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖലകളിലെ ഉദ്യോഗസ്ഥർക്കുള്ള ഭവന പുനരുദ്ധാരണ വായ്പ	101	49.01
11. സ്കൂളുകൾക്കുള്ള കമ്പ്യൂട്ടർ വായ്പ (ഈ പദ്ധതി ഇപ്പോൾ നിലവിലില്ല)	37	34.58
12. വസ്തു വാങ്ങുന്നതിനുള്ള വായ്പ (ഈ പദ്ധതി ഇപ്പോൾ നിലവിലില്ല)	6	1.38
ആകെ	**55,205**	**17,502.78**

ചികിത്സാസഹായനിധിയിൽനിന്നും തുക അനുവദിക്കാൻ നടപടി

11 [2991] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക-പട്ടികസമുദായ ക്ഷേമകാര്യമന്ത്രിയുടെ ചികിൽസാസഹായ നിധിയിൽനിന്നും പിന്നോക്ക-പട്ടികസമുദായങ്ങളിലെ പാവപ്പെട്ട രോഗികൾക്ക് അനുവദിച്ച തുക ലഭിക്കുന്നതിനുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്രകാലത്തെ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) വിവിധ ജില്ലകളിലെ കുടിശ്ശിക തുക എത്രയാണ്;

(ഡി) തുക കൊടുത്തുതീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചില കേസുകളിൽ ഭരണപരമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly